## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4910 — 23.03.2018-ൽ മറുപടിക്ക്

### പട്ടിക വർഗ്ഗക്കാർക്ക് പതിച്ചു നൽകിയ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടിക വർഗ്ഗക്കാർക്ക് പതിച്ചു നൽകിയ ഭൂമിയിൽ അവർ സ്ഥിര താമസം ആരംഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തയ്യാറാകുമോ; | എ) | പട്ടിക വർഗ്ഗക്കാർക്ക് പതിച്ചു നൽകിയ ഭൂമിയിൽ എല്ലാ പ്ലോട്ടുകളിലും സ്ഥിരതാമസം ആരംഭിച്ചിട്ടില്ല. കൃഷിയ്ക്കും മറ്റുമായി വന്നു പോകുന്നവരുണ്ട്. കൃഷി/സ്ഥിരതാമസത്തിലേക്ക് കുടുംബങ്ങളെ നയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത ഭൂമിയിൽ കൃഷിയിറക്കാൻ പ്രോൽസാഹിപ്പിക്കുന്ന എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | വിവിധ തരത്തിലുള്ള കാർഷിക പദ്ധതികൾ വകുപ്പ് മുഖേന സാമ്പത്തിക സഹായങ്ങൾ ചെയ്ത് നടപ്പിലാക്കി വരുന്നു. ജാതി, വാഴ, തെങ്ങ്, റബ്ബർ മറ്റ് വിളകൾക്കുള്ള കൃഷി എന്നിവയ്ക്കായി ധനസഹായം നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ റാഗി, ചോളം, തിന എന്നീ ധാന്യവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അട്ടപ്പാടി മേഖലയിലെ 45 ഊരുകളെ തിരഞ്ഞെടുത്ത് 'മില്ലറ്റ് വില്ലേജ് ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| സി) | ആദിവാസി ഭൂമി അനർഹമായി തട്ടിയെടുത്ത് കൈവശം വെച്ചവരെ കണ്ടെത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | സി) | ആദിവാസി ഭൂമി കൈയ്യേറ്റം ചെയ്യുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈയ്യേറ്റ ഭൂമിയിൽ നിന്നും കൈയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ജില്ലാ പോലീസ് മേധാവി, ജില്ലാ കളക്ടർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തി കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ